പൊതു ക്ഷേത്രങ്ങൾക്ക് 16,00,000 (പതിനാറു ലക്ഷം രൂപ) രൂപയും സ്വകാര്യ ക്ഷേത്രങ്ങൾക്ക് 2,55,000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗക്കാർ നടത്തുന്ന സ്വകാര്യ ക്ഷേത്രങ്ങൾക്ക് 25,000 രൂപയും ഗ്രാന്റായി നൽകിയിട്ടുണ്ട്. വടകര താലൂക്കിലെ ശമ്പളക്കുടിശ്ശിക ലഭിച്ച ക്ഷേത്രങ്ങളുടേയും ജീർണ്ണോദ്ധാരണ ഗ്രാന്റ് ലഭിച്ച ക്ഷേത്രങ്ങളുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*

(ബി) നിലവിൽ ഇത്തരം കേസുകളിൽ ആശ്രിത നിയമനത്തിനുള്ള നടപടികൾ മലബാർ ദേവസ്വം ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്.

മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

251 (2009) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്നും ആയത് എപ്പോൾ മുതൽ നടപ്പിലാക്കുമെന്നും അറിയിക്കുമോ ?

ഉത്തരം

ഉത്തര മലബാറിലെ ആചാരസ്ഥാനികർക്ക് ധനസഹായം നൽകുന്നതിനായി ''ഉത്തരമലബാറിലെ ക്ഷേത്ര ആചാരസ്ഥാനികർ/കോലധാരികൾ എന്നിവർക്കുള്ള ധനസഹായപദ്ധതി 2010'' എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം ആചാരസ്ഥാനികർക്ക് (അന്തിത്തിരിയൻ, വെളിച്ചപ്പാട്, കോമരം, കർമ്മി, അച്ചൻ) പ്രതിമാസം 600 രൂപയും കോലധാരികൾക്ക് പ്രതിമാസം 700 രൂപയും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. 2011 ജനുവരി മാസത്തിൽ ഈ തുക നൽകി തുടങ്ങുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

കൂട്ടനാട് ചങ്ങങ്കരി ദേവസ്വം ബോർഡ് സ്കൂളിന്റെ ശോച്യാവസ്ഥ

252 (2010) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ ചങ്ങങ്കരി ദേവസ്വം ബോർഡ് സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുമോ :

(ബി) മേല്പറഞ്ഞ സ്കൂളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ :

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly